**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3338** — **01-03-2023 - ൽ മറുപടിയ്ക്ക്**

**അർഹതപ്പെട്ട എല്ലാവർക്കും പട്ടയം അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വനഭൂമിയിൽ താമസിക്കുന്നവർ, സർക്കാർ വകുപ്പുകളുടെ കൈവശമുള്ള ഭൂമിയിൽ താമസിക്കുന്നവർ, പട്ടയം ഇല്ലാതെ കോളനികളിൽ താമസിക്കുന്നവർ എന്നീ വിഭാഗങ്ങളിൽ നിന്നും പട്ടയത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്ര പട്ടയങ്ങൾ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വർഷം തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വനഭൂമിയിൽ താമസിക്കുന്നവർ, സർക്കാർ വകുപ്പുകളുടെ കൈവശമുള്ള ഭൂമിയിൽ താമസിക്കുന്നവർ, പട്ടയം ഇല്ലാതെ കോളനികളിൽ താമസിക്കുന്നവർ എന്നീ വിഭാഗങ്ങളിൽ നിന്നും പട്ടയത്തിനായി ലഭിച്ച അപേക്ഷകളും അവയിൽ അനുവദിച്ച പട്ടയങ്ങളുടെ എണ്ണവും വർഷം തിരിച്ചും ഇനം തിരിച്ചും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിനുള്ള അർഹത പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് അർഹതപ്പെട്ട എല്ലാവർക്കും അടിയന്തരമായി പട്ടയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | 1993 ലെ കേരള ഭൂമി പതിച്ച് നൽകൽ ( 01.01.1977 ന് മുമ്പ് വന ഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷകളിൽ റവന്യൂ/വനം വകുപ്പുകളുടെ സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വനഭൂമിയിൽ താമസിക്കുന്നവർക്ക് കേന്ദ്ര അനുമതി ലഭിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ റവന്യൂ - വനം വകുപ്പുമായി സംയുക്ത പരിശോധന നടത്തി സർവ്വേ നടപടികൾ പൂർത്തീകരിച്ച് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. മറ്റ് സർക്കാർ വകുപ്പുകളുടെ കൈവശമുള്ള ഭൂമിയിൽ താമസിക്കുന്നവർക്ക് പ്രസ്തുത വകുപ്പിൽ നിന്ന് നിരാക്ഷേപ പത്രം ലഭ്യമാക്കിയും പട്ടയം ഇല്ലാതെ കോളനികളിൽ താമസിക്കുന്നവർക്ക് കൈവശാവകാശ സാക്ഷിപത്രം, ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നുള്ള നിരാക്ഷേപപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ മുഖേന പരിശോധന നടത്തിയും അർഹതപ്പെട്ട എല്ലാവർക്കും നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കി പട്ടയം നൽകി വരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമിയാണെങ്കിൽ ഭൂമി റവന്യൂ വകുപ്പിലേക്ക് പുനർനിക്ഷിപ്തമാക്കി ലഭ്യമാകുന്ന മുറയ്ക്ക് 1964 |

| | | | |
|---|---|---|---|
| | | | ലേയോ, 1995ലേയോ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരം അർഹത പരിശോധിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ